

# ജമാഅത്തെ ഇസ്‌ലാമി
# സംസ്ഥാന പ്രവർത്തക സമ്മേളനം


സ്റ്റാഫ് റിപ്പോർട്ടർ

**കാലത്തോട്** ക്രിയാത്മകമായി പ്രതികരിക്കുന്ന ഏതൊരു ഇസ്‌ലാമിക പ്രസ്ഥാനവും ആഭ്യന്തരമായി രണ്ട് കാര്യങ്ങൾ ചെയ്തിരിക്കണം: ഒന്ന്, സമകാലികാവസ്ഥകളെ വിശകലനം ചെയ്ത് പ്രസ്ഥാനം രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകളും നയനിലപാടുകളും അണികളെ പഠിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുക. രണ്ട്, ഏത് വെല്ലുവിളിയെയും നേരിടാനും ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനുമുള്ള വിശ്വാസപരവും ധാർമികവുമായ കരുത്ത് അവർക്ക് ഉറപ്പു വരുത്തുക. ഈ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ ഉതകുന്നതായിരുന്നു 2007 ജനുവരി 20,21 തീയതികളിൽ ജമാഅത്തെ ഇസ്‌ലാമി കേരള ഘടകം പാലക്കാട് ജില്ലയിലെ പത്തിരിപ്പാല മൗണ്ട് സീനാ കാമ്പസിൽ സംഘടിപ്പിച്ച ദ്വിദിന സംസ്ഥാന പ്രവർത്തക സമ്മേളനം.

സമ്മേളനത്തിൽ പങ്കെടുക്കേണ്ടവരെ നേരത്തേ നിർണയിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമി അംഗങ്ങൾ, കാർകുനുകൾ, എസ്.ഐ.ഒ അംഗങ്ങൾ, സോളിഡാരിറ്റി-ജി.ഐ.ഒ ജില്ലാസമിതിയംഗങ്ങൾ. അന്യസംസ്ഥാനങ്ങളിലും വിദേശത്തുമുള്ള ഇതേ കാറ്റഗറിയിൽപെടുന്ന പ്രവർത്തകർക്കും പ്രവേശന പാസ്സുകൾ അനുവദിച്ചിരുന്നു.

സമയനിഷ്ഠയും അച്ചടക്കവും പ്രവർത്തക സംഗമത്തിന്റെ അടയാളവാക്യങ്ങളാണ്. രാവിലെ പത്തു മണിക്കാണ് ഉദ്ഘാടന സെഷൻ തുടങ്ങുക. അതിന് അരമണിക്കൂർ മുമ്പ് സമ്മേളനപ്പന്തലിൽ എത്തിയിരിക്കണമെന്നാണ് പ്രതിനിധികൾക്ക് കിട്ടിയ നിർദേശം. വിദൂരത്തുള്ളവർ തലേന്ന് രാത്രി തന്നെ പത്തിരിപ്പാലയിൽ എത്തുക. രാവിലെ പത്തു മണിക്ക് ഖുർആൻ ക്ലാസ് ആരംഭിക്കുമ്പോൾ പന്തലിൽ പ്രവർത്തകരുടെ നിറസാന്നിധ്യം. പ്രവേശന കൂപ്പണുകൾ നേരത്തേ കൈമാറിയിരുന്നതിനാൽ രജിസ്ട്രേഷന്നും മറ്റും സമയം കളയേണ്ടിവന്നില്ല.

പന്തലിന്റെ ഇരുവശവും കുറച്ച് കസേരകൾ നിരത്തിയിട്ടിരുന്നു; വാർധക്യത്താലും രോഗത്താലും പന്തലിൽ ചമ്രം പടിഞ്ഞിരിക്കാൻ കഴിയാത്തവർക്ക് വേണ്ടി. ഡോക്ടർമാരുടെ വിലക്കുകൾ ലംഘിച്ചാണ് അവരിൽ പലരും പ്രസ്ഥാനത്തിന്റെ വിളിക്ക് ഉത്തരം നൽകിയത്. വാഹനാപകടത്തിൽപെട്ട് അരക്കു താഴെ തളർന്നുപോയ കണ്ണൂരിലെ ഹാറൂൻ സാഹിബ് വീൽ ചെയറിലാണ് സമ്മേളനത്തിനെത്തിയത്. ശരീരം ക്ഷയിച്ചെങ്കിലും അവരുടെ മനസ്സിന് ഇപ്പോഴും യുവത്വമാണ്. അവരെ ചൂണ്ടി ഹൽഖാ അമീർ പറഞ്ഞു: 'അറുപതു വർഷത്തിനു ശേഷവും ഈ പ്രസ്ഥാനം യുവത്വം കാത്തുസൂക്ഷിക്കുന്നു. പ്രസ്ഥാന ഘടനയിൽ, സന്നദ്ധതയിൽ, പ്രവർത്തന ക്ഷമതയിൽ അസാമാന്യ യുവത്വം. നയപരിപാടികളിലും സമീപനങ്ങളിലും ഈ യുവത്വമുണ്ട്. അറുപതു വർഷം കൊണ്ട് ഒരു സംഘടന പിളർന്നേക്കാം, സ്വാർഥ താൽപര്യങ്ങൾ കുമിഞ്ഞുകൂടി അത് നിർജീവമായേക്കാം.' ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ പ്രസ്ഥാനത്തിന് കഴിയുന്നത് ഇസ്‌ലാമിക ശിക്ഷണം നൽകി പ്രവർത്തകരെ വാർത്തെടുക്കുന്നതുകൊണ്ടാണ്. ഇക്കാര്യം തന്നെയാണ് ആദ്യ സെഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ജനറൽ സെക്രട്ടറി മുഹമ്മദ് ജഅ്ഫർ സാഹിബ് ഊന്നിപ്പറഞ്ഞതും: 'നാം നമ്മുടെ കാര്യപരിപാടികളിൽ ഊന്നിപ്പറയുന്ന തസ്കിയത്തും (ജീവിതവിശുദ്ധി) തർബിയത്തും (ശിക്ഷണം) പൂർത്തിയാവണമെങ്കിൽ വ്യക്തികൾക്ക് ആന്തരിക പ്രചോദനം ഉണ്ടായേ മതിയാവൂ. സ്വന്തം ജീവിതത്തെ മാറ്റാൻ ഓരോ വ്യക്തിയും തയാറാവണം. അല്ലാത്ത പക്ഷം ഏത് വലിയ സംസ്കരണ സംരംഭവും പരാജയത്തിൽ കലാശിക്കും. ഇങ്ങനെ സ്വയം തിരുത്താൻ തയാറാകാത്തവരിൽ പ്രവാചകന്മാരുടെ ഭാര്യമാർ വരെയുണ്ടെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. സദ്വൃത്തകളായ ഭാര്യമാരെ


മുഹമ്മദ് ജഅ്ഫർ



ടി. ആരിഫലി


ടി.കെ അബ്ദുല്ല

വഴിതെറ്റിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ഭർത്താക്കന്മാരെ പറ്റിയും ഖുർആനിൽ സൂചനയുണ്ട്. അതായത് വ്യക്തി മാറാൻ തയാറുണ്ടോ എന്നതാണ് ഒന്നാമത്തെ ചോദ്യം.'

ജമാഅത്ത് സംസ്ഥാനങ്ങളിൽ നടത്തിവരുന്ന പ്രവർത്തക കൺവെൻഷനുകളിൽ ഒടുവിലത്തേതാണ് ഇവിടെ നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജമാഅത്തിന് ആഴത്തിൽ വേരുകളുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വ്യക്തിസംസ്കരണത്തിനൊപ്പം കുടുംബത്തെയും സമൂഹത്തെയും പരിവർത്തിപ്പിക്കുക എന്ന ദൗത്യം കൂടി ഏറ്റെടുക്കണമെന്ന് അദ്ദേഹം ഉണർത്തി.

അഖിലേന്ത്യാ സെക്രട്ടറിയുടെ ഉർദു പ്രസംഗം കെ.എ യൂസുഫ് ഉമരി പരിഭാഷപ്പെടുത്തി.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മൺമറഞ്ഞ നേതാക്കളെയും പ്രവർത്തകരെയും ഓർക്കാതെ ഇങ്ങനെയൊരു സംഗമം നടത്താനാവില്ലെന്ന് പറഞ്ഞാണ് ഹൽഖാ അമീർ ടി. ആരിഫലി സാഹിബ് തന്റെ ആമുഖ പ്രഭാഷണം ആരംഭിച്ചത്. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ദാർശനിക ചട്ടക്കൂട് നൽകിയ യുഗപ്രഭാവനായ മൗലാനാ മൗദൂദി, വിഭജനാനന്തരം ഇന്ത്യയിൽ പ്രസ്ഥാനത്തെ കെട്ടിപ്പടുത്ത അബുല്ലൈസ് ഇസ്‌ലാഹി നദ്‌വി, ഇൻആമുർറഹ്മാൻ ഖാൻ, സ്വദ്റുദ്ദീൻ ഇസ്‌ലാഹി, മുഹമ്മദ് യൂസുഫ്, മുഹമ്മദ് മുസ്‌ലിം, കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് അടിത്തറയിട്ട അസാമാന്യ ഇഛാശക്തിയുടെ ഉടമ ഹാജി സാഹിബ്, ഉറച്ച കാൽവെപ്പുകളോടെ ധൈഷണിക നേതൃത്വം നൽകിയ കെ.സി. അബ്ദുല്ല മൗലവി, പണ്ഡിത ശ്രേഷ്ഠരായ ടി. ഇസ്ഹാഖലി മൗലവി, ടി. മുഹമ്മദ് സാഹിബ്, അബുൽ ജലാൽ മൗലവി, എം. മുഹമ്മദ് മൗലവി, ഫീൽഡിൽ ഇതിഹാസങ്ങൾ രചിച്ച ഇസ്സുദ്ദീൻ മൗലവി, കെ.പി.കെ, അബ്ദുപ്പ മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി, കൊണ്ടോട്ടി അബ്ദുർറഹ്മാൻ സാഹിബ്, കെ. മൊയ്തു മൗലവി, കെ.എൻ. അബ്ദുല്ല മൗലവി, അബ്ദുസ്സലാം മൗലവി, സർഗാത്മക സാഹിത്യത്തിന് ജീവൻ പകർന്ന യു.കെ ഇബ്റാഹീം മൗലവി, സാമ്പത്തിക പിൻബലമേകിയ പള്ളുരുത്തി ഹാജി, ദക്ഷിണ കേരളത്തിലെ ടി.കെ മുഹമ്മദ് സാഹിബ്, അബ്ദുൽ ജബ്ബാർ മൗലവി, വടക്കേ മലബാറിലെ ത്വാഹാ മൗലവി, ശർഖി, പാലക്കാട്ടെ എസ്.എം ഹനീഫാ സാഹിബ്...... ഇങ്ങനെ പേരെടുത്ത് പറയാൻ ഇനിയും ഒരുപാട് പേർ. അവരുടെ പ്രവർത്തനങ്ങളാണ് നമ്മെ വഴികേടിൽനിന്ന് രക്ഷിച്ചത്. അവരെക്കുറിച്ച് പഠിക്കാനും അവരുടെ വ്യക്തിത്വത്തിന്റെ നല്ല വശങ്ങൾ അനുകരിക്കാനും നാം തയാറാവണം.

'ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം രണ്ട് തവണ നിരോധിക്കപ്പെട്ടു. 1975-ലും 1992-ലും. നിരോധനങ്ങൾ നീങ്ങിയപ്പോൾ പുതിയൊരു ജമാഅത്തെ ഇസ്‌ലാമിയെയാണ് രാജ്യനിവാസികൾക്ക് കാണാൻ കഴിഞ്ഞത്'- അമീർ തുടർന്നു. '1975-ലെ നിരോധത്തിനു ശേഷം ഇന്ത്യൻ യാഥാർഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പുതിയൊരു ജമാഅത്തെ ഇസ്‌ലാമിയാണ് പുനഃസംഘടിപ്പിക്കപ്പെട്ടത്. സമഗ്രാധിപത്യത്തോടുള്ള അതിന്റെ നിലപാടുകൾ ശ്രദ്ധിക്കപ്പെട്ടു. 1992-ൽ നിരോധിക്കപ്പെട്ടശേഷം '94-ൽ നിരോധം നീങ്ങുമ്പോൾ മൂല്യാധിഷ്ഠിത രാഷ്ട്രീയവും ഫാഷിസ്റ്റ് വിരുദ്ധതയും ഉയർത്തിപ്പിടിക്കുന്ന പുതിയൊരു പ്രസ്ഥാനം ജന്മം കൊള്ളുകയായിരുന്നു. വിവിധ മത-സാമൂഹിക നേതാക്കളെ ഉൾപ്പെടുത്തി എഫ്.ഡി.സി.എ പോലുള്ള പൊതുവേദികൾ രൂപീകരിക്കാൻ ജമാഅത്ത് നേതൃത്വം നൽകി. കാലത്തോടൊപ്പം സഞ്ചരിക്കാനും പ്രതികരിക്കാനും പ്രാപ്തിയുള്ള സംഘടനയാണ് ജമാഅത്തെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്വീകരിച്ച നയങ്ങൾ തെളിയിക്കുന്നു. ഇഛാശക്തിയുള്ള സംഘം എന്ന നിലയിൽ മുസ്‌ലിം ബഹുജനങ്ങളുടെ അഭിപ്രായ രൂപീകരണത്തെ സ്വാധീനിക്കാൻ അതിന് കഴിയുന്നുണ്ടെന്നും വിലയിരുത്തപ്പെട്ടു. ഇനിയും ഈ വഴിയിലൂടെ തന്നെ മുന്നോട്ടു പോകും. സോളിഡാരിറ്റി, എസ്.ഐ.ഒ, ജി.ഐ.ഒ പോലുള്ള പോഷക സംഘടനകൾ വലിയ പിൻബലമാണ് മാതൃസംഘടനക്ക് നൽകിക്കൊണ്ടിരിക്കുന്നത്.'

സംഘടനാ സംവിധാനങ്ങളെ പരിചയപ്പെടുത്തി നുസ്റത്ത് അലി സാഹിബ് (ഓർഗനൈസേഷൻ സെക്രട്ടറി, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്) സംസാരിച്ചു. പി.കെ മുഹമ്മദലി (അന്തമാൻ) പ്രസംഗം പരിഭാഷപ്പെടുത്തി.

ഉച്ചക്കു ശേഷമുള്ള സെഷനിൽ ഹൽഖാ സെക്രട്ടറി എ. മുഹമ്മദലി റിപ്പോർട്ട് അവതരിപ്പിച്ചു. സാമൂഹിക സേവന പ്രവർത്തനങ്ങളിൽ വളരെയേറെ മുന്നേറാൻ കേരള ജമാഅത്തിന് സാധിച്ചുവെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ജമാഅത്തിന്റെ സൂനാമി ദുരിതാശ്വാസ ഫണ്ട് വർധിച്ച ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും കശ്മീരിലെയും ഭൂകമ്പബാധിതരെ സഹായിക്കാനും ജമാഅത്ത് ഫണ്ട് ശേഖരിക്കുകയുണ്ടായി. ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരാനായി മെഡിക്കൽ സംഘങ്ങളെ അയച്ചു. ഗുജറാത്ത് വംശഹത്യയുടെ ഇരകളെ പുനരധിവസിപ്പിക്കുന്നതിന് മറ്റു ദുരിതാശ്വാസ ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിച്ചു.

'ജമാഅത്തെ ഇസ്‌ലാമി: നവോത്ഥാനത്തിന്റെ തുടർച്ച, കാലത്തിന്റെ അനിവാര്യത' എന്ന വിഷയം വി.കെ അലി അവതരിപ്പിച്ചു. തെറ്റിപ്പോയതിനെ ശരിയാക്കുന്ന സംവിധാനമാണ് ഇസ്‌ലാമിലെ നവോത്ഥാനമെന്ന് അദ്ദേഹം പറഞ്ഞു. നവോത്ഥാനം ഒരു ദൈവികയുക്തിയാണ്. അതിന് പ്രമാണങ്ങളുടെ പിൻബലമുണ്ട്. പഴയതിനെ മാറ്റിമറിക്കുന്നതല്ല, തുടക്കത്തിൽ എങ്ങനെയായിരുന്നുവോ അതിലേക്ക് തിരിച്ചുപോകുന്നതാണ് തജ്ദീദ് (നവോത്ഥാനം) എന്ന് ഡോ. യൂസുഫുൽ ഖറദാവി വിശദീകരിച്ചിട്ടുണ്ട്.

ഒരു നവോത്ഥാന പ്രസ്ഥാനമെന്ന നിലക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ സംഭാവനകൾ മഹത്തരമാണ്. തൗഹീദിന്റെ സമഗ്രതയും വ്യാപ്തിയും ഊന്നിപ്പറഞ്ഞു എന്നതാണ് അതിലൊന്നാമത്തേത്. നിയമനിർമാണാധികാരം അല്ലാ

ഹുവിന് മാത്രമാണെന്ന് സമർഥിച്ചു. മത-രാഷ്ട്ര വിഭജനത്തെ ശക്തമായി എതിർത്തു. ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിലുള്ള അന്തരങ്ങൾ ജനങ്ങളെ പഠിപ്പിച്ചു. മുസ്‌ലിം ലോകത്ത് പാശ്ചാത്യ സംസ്കാരത്തോടുള്ള ദാസ്യമനോഭാവം ശക്തിപ്പെട്ട സന്ദർഭത്തിൽ ഇസ്‌ലാമിക സംസ്കാരത്തിൽ അഭിമാനിക്കുന്ന വലിയൊരു ജനസഞ്ചയത്തെ സൃഷ്ടിച്ചെടുത്തു. വിദ്യാഭ്യാസത്തെക്കുറിച്ച കാഴ്ചപ്പാട് തിരുത്തി. കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് ഉത്തരങ്ങൾ നൽകുന്നതിൽ വിജയിച്ചു.

'ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം - തത്ത്വവും പ്രയോഗവും' എന്ന വിഷയം കൂട്ടിൽ മുഹമ്മദലി അവതരിപ്പിച്ചു. 'ഒരു ബഹുസ്വര സമൂഹത്തിൽ പല മതക്കാരും ചിന്താഗതിക്കാരും ഇടപഴകി ജീവിക്കുകയാണ്. അതിലൊരു സമൂഹം മുഖ്യധാരയിൽനിന്ന് മാറി ഒറ്റപ്പെട്ട് ജീവിക്കുന്നത് അഭികാമ്യമല്ല. ബഹുസ്വരത ദൈവേഛയാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഒരു ഏകമുഖ സമൂഹത്തെ സൃഷ്ടിക്കാമായിരുന്നു എന്ന് ഖുർആനിൽ പറയുന്നുണ്ട്. ഭൗതിക വിഭവങ്ങൾ നൽകിയതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വിവേചനം കാണിച്ചിട്ടില്ല അല്ലാഹു. വിശ്വാസസംബന്ധമായ വിവേചനവും പാടില്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. മനുഷ്യന്റെ സൃഷ്ടിപ്പ് ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണെന്ന പ്രഖ്യാപനം സാഹോദര്യബന്ധത്തിന് മതാതീതമായ തലങ്ങളുണ്ട് എന്നതിന് തെളിവാണ്. ഇത്രക്ക് മഹത്തായ ഒരു ദർശനം ചരിത്രത്തിലെവിടെയും നിങ്ങൾ കാണുകയില്ല.'

കുടുംബത്തിന്റെ ഇസ്‌ലാമികവൽക്കരണമാണ് മുസ്‌ലിം സ്ത്രീയുടെ പ്രഥമ ബാധ്യതയെന്ന് ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് കെ.കെ സുഹ്റ അഭിപ്രായപ്പെട്ടു. 'പ്രസ്ഥാന പ്രവർത്തനങ്ങളിലെ വനിതാ പങ്കാളിത്തം' എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു അവർ. നബിയുടെയും ഖുലഫാഉർറാശിദീന്റെയും കാലത്ത് പഠനസദസ്സുകളിലും പൊതു പ്രവർത്തനങ്ങളിലും സ്ത്രീകൾക്ക് നല്ല പങ്കാളിത്തമുണ്ടായിരുന്നു. നിരവധി പ്രവാചക വചനങ്ങൾ വനിതാ റിപ്പോർട്ടർമാർ വഴിയാണ് നമുക്ക് ലഭിക്കുന്നത്. ഈ പാരമ്പര്യത്തിന്റെ തുടർച്ച ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലാണ് നാം കാണുന്നത്. സൈനബുൽ ഗസാലിയെയും അമീനാ ഖുത്ബിനെയും സംഭാവന ചെയ്തത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ്. മൗലാനാ മൗദൂദി സ്ത്രീകളുടെ സാമൂ



എം.ഐ അബ്ദുൽ അസീസ്



വി.കെ അലി



ശൈഖ് മുഹമ്മദ് കാരകുന്ന്

ഹിക ബാധ്യതകളെക്കുറിച്ച് പ്രത്യേകം ഉണർത്തിയിട്ടുണ്ട്. കമാൽ അത്താതുർക്കിന്റെ കാലം മുതൽ തുടങ്ങിയ കടുത്ത മതവിരുദ്ധ നടപടികളെ തങ്ങൾ അതിജീവിച്ചത്, സ്ത്രീകൾ അവരുടെ കുടുംബങ്ങളെ ഇസ്‌ലാമീകരിച്ച് നിർത്തിയതുകൊണ്ടായിരുന്നുവെന്ന് തുർക്കിയിലെ ഇസ്‌ലാമിക പ്രസ്ഥാന നായകൻ നജ്മുദ്ദീൻ അർബകാൻ അനുസ്മരിക്കുകയുണ്ടായി. സ്ത്രീകൾക്ക് അവരുടെ റോൾ കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ പുരുഷന്റെ സഹകരണം അത്യാവശ്യമാണെന്നും സുഹ്റ ഓർമപ്പെടുത്തി.

രണ്ടാം ദിവസത്തെ സമ്മേളനത്തിൽ ആദ്യ പ്രഭാഷണം നിർവഹിച്ചത് കേരള ഹൽഖാ അസി. അമീർ എം.ഐ അബ്ദുൽ അസീസ്. വിഷയം 'തർബിയത്തിന്റെ സാമൂഹിക തലങ്ങൾ.' ഇസ്‌ലാമിക പ്രവർത്തകന്റെ വ്യക്തിത്വവും സ്വഭാവചര്യകളുമാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ വിജയം നിർണയിക്കുന്നത്. ഈ വിജയം അതിരുകളില്ലാത്തതായിരിക്കും. വ്യക്തിത്വവും സ്വഭാവചര്യകളും മോശമായാൽ പരാജയവും അതിരുകളില്ലാത്തതായിരിക്കും. ഏറ്റവും നല്ല സ്വഭാവങ്ങളുടെ ഉടമ എന്ന് ഖുർആൻ പ്രവാചകനെ പ്രശംസിക്കുന്നുണ്ട്. ഈ ഉത്കൃഷ്ട സ്വഭാവത്തിന്റെ സദ്ഫലങ്ങൾ പ്രവാചകൻ ജീവിച്ച സമൂഹത്തിന് അനുഭവിക്കാൻ കഴിഞ്ഞിരുന്നു. മറ്റുള്ളവർക്ക് നമ്മിൽനിന്ന് എന്തനുഭവപ്പെടുന്നു എന്നതാണ് പ്രധാനം. കേട്ടറിവ്, വായിച്ചറിവ്, അനുഭവിച്ചറിവ് എന്നിങ്ങനെ മൂന്നെണ്ണമുണ്ട്. ഇതിൽ ഒടുവിലത്തേത് കയ്പുറ്റതാണെങ്കിൽ പ്രസ്ഥാനം മുന്നേറുകയില്ല.

മുതലാളിത്ത പ്രവണതകൾ സമൂഹത്തിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക തർബിയത്ത് (അച്ചടക്കം) വളരെ പ്രധാനമാണെന്ന് അദ്ദേഹം ഉണർത്തി. ചെലവഴിക്കുന്നതിൽ മിതത്വം വേണം. ധൂർത്ത് പാടില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ കഴിയണം. മുമ്പ് ദാരിദ്ര്യത്തിലും സംതൃപ്തിയോടെ കഴിഞ്ഞിരുന്നവർ ഇന്ന് അത്യാവശ്യ സാമ്പത്തിക സുസ്ഥിതി കൈവന്നിട്ടും കടം വാങ്ങുകയാണ്. ഇത് അപകടകരമാണ്.

'ജമാഅത്തെ ഇസ്‌ലാമിയുടെ ഭൂമിക മുസ്‌ലിം സമുദായമാണ്. ആ സമുദായത്തെ കൂട്ടുപിടിച്ചുകൊണ്ടല്ലാതെ വിപ്ലവം സ്വപ്നം കാണാനേ കഴിയില്ല' - 'ജമാഅത്തെ ഇസ്‌ലാമിയും മുസ്‌ലിം സമുദായവും' എന്ന വിഷയം അവതരിപ്പിച്ച് ടി.കെ അബ്ദുല്ല സാഹിബ് പറഞ്ഞു. സമുദായത്തിലുണ്ടാകുന്ന ശൈഥില്യവും പിളർപ്പും ഉത്കണ്ഠയോടെയാണ് ഇസ്‌ലാമിക പ്രസ്ഥാനം നോക്കിക്കാണുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ മുൻ അഖിലേന്ത്യാ അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് മുസ്‌ലിം ലീഗ് പിളർന്ന സന്ദർഭത്തിൽ കേരളത്തിൽ വന്നപ്പോൾ ഇരുവിഭാഗത്തെയും ഒന്നിപ്പിക്കാനുള്ള വഴികൾ ആരായുകയുണ്ടായി.

ദയൂബന്ദിലെ ദാറുൽ ഉലൂമും അതിന്റെ സാരഥികളും മുമ്പ് ജമാഅത്തിനെതിരെ കടുത്ത വിമർശനങ്ങൾ അഴിച്ചുവിട്ടിരുന്നു. ജമാഅത്തിനെതിരെ അവർ ധാരാളം ഫത്‌വകളും ഇറക്കി. *ഫതാവാ ദയൂബന്ദ് കാ തഹ്ഖീഖി ജാഇസ* എന്ന പേരിൽ ഒരു മറുപടി ഗ്രന്ഥം ജമാഅത്തും പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ജമാഅത്തും ദയൂബന്ദും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടുവരുന്നതിന്റെ സൂചനകളാണ് അടുത്ത കാലത്ത് കാണാൻ കഴിയുന്നത്. സിറാജുൽ ഹസൻ സാഹിബ് അഖിലേന്ത്യാ അമീറായിരുന്നപ്പോൾ ദയൂബന്ദ് സന്ദർശിക്കുകയും ദയൂബന്ദിലെ ഉത്തരവാദപ്പെട്ടവർ ജമാഅത്ത് കേന്ദ്രത്തിൽ വരികയുമൊക്കെ ചെയ്തിട്ടുണ്ട്. ഇത്

മഞ്ഞുരുക്കത്തിന് കാരണമായി. ദയൂബന്ദിലെ പ്രമുഖ പണ്ഡിതനായിരുന്നു മർഹൂം ഖാരി മുഹമ്മദ് ത്വയ്യിബ്. ഈയിടെ നടന്ന അദ്ദേഹത്തിന്റെ അനുസ്മരണ സമ്മേളനത്തിലേക്ക് ജമാഅത്ത് അമീർ അബ്ദുൽഹഖ് അൻസാരിയെയും ക്ഷണിക്കുകയുണ്ടായി. അദ്ദേഹം തന്നെയാണ് ഖാരി മുഹമ്മദ് ത്വയ്യിബിനെ കുറിച്ച് ആദ്യ അനുസ്മരണ പ്രഭാഷണം നടത്തിയതും.

മുസ്‌ലിം സംഘടനകളുമായി ചർച്ചചെയ്ത് കൂട്ടായ ഒരു തീരുമാനമാണ് സച്ചാർ കമീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ എടുക്കേണ്ടതെന്ന് ടി.കെ പറഞ്ഞു.

ഇസ്‌ലാമിനെ പുതിയ ഭാഷയിലും ശൈലിയിലും പുനരവതരിപ്പിക്കാനുള്ള ശ്രമമുണ്ടാവണം. പുതിയ മാറ്റങ്ങളുടെയും ആത്മീയ ദാഹങ്ങളുടെയും പശ്ചാത്തലത്തിൽ മോക്ഷത്തിന് ഒരേയൊരു വ്യവസ്ഥ എന്ന നിലയിൽ ഇസ്‌ലാമിനെ അവതരിപ്പിക്കാൻ കഴിയണം.

സ്വർഗമാണ് ഒന്നാമത്തെ പ്രചോദനമെന്ന് 'പ്രസ്ഥാന പ്രവർത്തകന്റെ പ്രചോദനങ്ങൾ' എന്ന വിഷയം അവതരിപ്പിച്ച് എം.കെ. മുഹമ്മദലി പറഞ്ഞു. മറ്റേതൊരു പ്രചോദനവും അൽപായുസ്സായിരിക്കും. അല്ലാഹുവിന്റെ പ്രീതിയും പരലോക മോക്ഷവും പരമപ്രധാനമായി കാണണം. ചുറ്റുപാടുകളെ മാറ്റാനുള്ള ഇച്ഛാശക്തി ഉണ്ടായിരിക്കണം. മൗലാനാ മൗദൂദി പറഞ്ഞതുപോലെ, ഇത് ധീരന്മാർക്ക് മാത്രം ഏറ്റെടുക്കാൻ കഴിയുന്ന ദൗത്യമാണ്.

'സമുദായ സുരക്ഷ-ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാട്' വിശദീകരിച്ചത് ഡോ. അബ്ദുസ്സലാം വാണിയമ്പലമാണ്. സുരക്ഷയുടെ ഊന്നലുകളിൽ പലപ്പോഴും വ്യത്യാസം കാണുന്നുണ്ട്. ജീവന്റെ സുരക്ഷ ഊന്നിപ്പറയുന്നവരുണ്ട്. ചിലർ തൊഴിലിന്റെയും ഉദ്യോഗത്തിന്റെയും സുരക്ഷയെപ്പറ്റി വേവലാതിപ്പെടുന്നു. ഈ എല്ലാ തലക്കെട്ടുകളും ഉൾക്കൊള്ളുന്ന സമഗ്രമായ സുരക്ഷ എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട്. ജീവന്റെ സുരക്ഷ എന്ന ഒറ്റ അജണ്ടയിലേക്ക് അതിനെ ചുരുക്കിക്കാണുന്നത് ശരിയല്ല. ജീവനും സ്വത്തിനും നേരെയുള്ള അതിക്രമങ്ങളെ നേരിടേണ്ടത്, മുഴുവൻ രാജ്യനിവാസികളെയും അണിനിരത്തിക്കൊണ്ടാവണം. ഹിംസ ചെയ്യുന്നവരുടെ അതേ അതിക്രമമാർഗങ്ങൾ സ്വീകരിക്കുന്നത് ഇസ്‌ലാമികമല്ല. തീരുമാനങ്ങൾ വൈകാരികമായിപ്പോവരുത്. ഖുർആനും സുന്നത്തും മുന്നിൽ വെച്ചാവണം തീരുമാനങ്ങളെടുക്കുന്നത്.

തന്റെ മക്കാ ജീവിതകാലത്ത് ഇസ്‌ലാമിക സന്ദേശ പ്രചാരണത്തിനാണ് പ്രവാചകൻ പ്രാമുഖ്യം നൽകിയത്. മുസ്‌ലിംകൾ ന്യൂനപക്ഷമായ ഇന്ത്യൻ സാഹചര്യത്തിലും ഇതു തന്നെയാണ് അഭികാമ്യം. 'അറേബ്യൻ ഫാഷിസം' ഇന്ത്യൻ ഫാഷിസത്തേക്കാൾ തീവ്രമായിരുന്നു. എന്നിട്ടും, പ്രമുഖപോരാളികൾ തന്റെയൊപ്പം ഉണ്ടായിട്ടും പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകുകയാണ് പ്രവാചകൻ ചെയ്തത്. സയ്യിദ് ഖുത്വ്ബ് മക്കാ ഘട്ടത്തെ അവലോകനം ചെയ്തുകൊണ്ട് അത് തർബിയത്തിന്റെ ഘട്ടമാണ് എന്നെഴുതിയിട്ടുണ്ട്. അക്രമിക്കപ്പെടുന്നവരുടെ കൂടെ നിൽക്കുന്ന മനസ്സാണ് അറബികൾക്ക് ഉണ്ടായിരുന്നതെന്നും സയ്യിദ് ഖുത്വ്ബ് എഴുതുന്നു. ഏതാണ്ട് ഇതേ മനസ്സാണ് പൊതുവെ ഇന്ത്യൻ സമൂഹത്തിനും.

മുസ്‌ലിം ലോകത്തെ തീവ്രവാദ പ്രസ്ഥാനങ്ങൾ നയം മാറ്റിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഈജിപ്തിൽ ഇതുവരെ തീവ്രവാദ ലൈനിൽ സഞ്ചരിച്ചുകൊണ്ടിരുന്ന 'അൽ ജമാഅഃ അൽ ഇസ്‌ലാമിയ്യ' എന്ന സംഘടന പരസ്യമായി തന്നെ നിലപാടുമാറ്റം പ്രഖ്യാപിച്ചിരിക്കുകയാണ്. സംഘടനയുടെ വെബ്സൈറ്റിൽ കൊടുത്തിരുന്ന 'വാളും ഖുർആനും' എന്ന ചിഹ്നം 'ഖുർആനും വെളിച്ചവു'മാക്കി മാറ്റിയിരിക്കുന്നു.

സമാപന സെഷനിൽ ആദ്യ പ്രഭാഷണം നിർവഹിച്ച ശൈഖ് മുഹമ്മദ് കാരകുന്ന് 'ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയസമീപനങ്ങളിലെ വികാസങ്ങൾ' വിശദീകരിച്ചു. അതത് കാലങ്ങളിലെ സാമൂഹിക-രാഷ്ട്രീയ സ്ഥിതിഗതികൾ അവലോകനം ചെയ്തുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി അതിന്റെ നയനിലപാടുകൾ രൂപീകരിക്കുന്നത്. ഇതിന് മാതൃക ഖുലഫാഉർറാശിദീന്റെ ചരിത്രമാണ്. ഇന്ത്യാവിഭജനത്തിന് തൊട്ടുടനെ മതപരിത്യാഗികളെ തിരിച്ചുകൊണ്ടുവരിക, ഇന്ത്യൻ മുസ്‌ലിംകൾക്ക് ആത്മവിശ്വാസം പകരുക തുടങ്ങിയ കാര്യങ്ങളാണ് മുഖ്യ പരിഗണനയിൽ വന്നത്. തൊള്ളായിരത്തി അറുപതുകളിൽ ചിത്രം മാറി. ഇന്ത്യൻ നഗരങ്ങളിൽ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി, ജാമിഅ മില്ലിയ്യ പോലുള്ള സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവിക്കെതിരെ ഭീഷണി ഉയർന്നു. സ്വാഭാവികമായും മുസ്‌ലിം സമുദായത്തിന്റെ സ്വത്വസംരക്ഷണം ജമാഅത്തെ ഇസ്‌ലാമിയുടെ മുഖ്യ അജണ്ടയായി.

സവർണ ഫാഷിസം അഭൂതപൂർവമായ വളർച്ച കൈവരിച്ച പശ്ചാത്തലത്തിലാണ് ജമാഅത്തിന്റെ തെരഞ്ഞെടുപ്പു നയങ്ങൾ പഠിക്കേണ്ടത്. കാലത്തിനൊത്ത് നടക്കാനോ കാലത്തിനു മുന്നിൽ നടക്കാനോ നയംമാറ്റാത്തവർക്ക് സാധ്യമല്ല. ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലും നയംമാറ്റങ്ങൾ കാണാനാവും. ജനാധിപത്യത്തെയും സെക്യുലറിസത്തെയും നിശിതമായി നിരൂപണം ചെയ്ത മൗലാനാ മൗദൂദി 1969-ൽ പാകിസ്താനിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനായി ഫാത്വിമ ജിന്നക്ക് തെരഞ്ഞെടുപ്പിൽ പിന്തുണ പ്രഖ്യാപിക്കുകയുണ്ടായി. തനി സെക്യുലറായ വഫ്ദ് പാർട്ടിയുടെ ടിക്കറ്റിൽ ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാനാർഥികൾ മത്സരിക്കുകയുണ്ടായി. വിവിധ മതസംഘടനകളെ അണിനിരത്തി പാക് ജമാഅത്തെ ഇസ്‌ലാമി നയിക്കുന്ന മുത്തഹിദ മജ്‌ലിസെ അമൽ (എം.എം.എ), ബംഗ്ലാദേശിൽ ഖാലിദ സിയയുടെ മുന്നണിയിലെ ജമാഅത്തിന്റെ പങ്കാളിത്തം, തുർക്കിയിലെ ഇസ്‌ലാമിസ്റ്റുകൾ സ്വീകരിച്ച പുതിയ രീതികൾ, യമനിലും അൾജീരിയയിലും ഇസ്‌ലാമിസ്റ്റുകളുടെ ഭരണത്തിലെ പങ്കാളിത്തം, ലബനാനിൽ പ്രതിപക്ഷമായി പ്രവർത്തിക്കുന്നത് - ഇതെല്ലാം മാറിയ ലോകത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നടത്തുന്ന പരീക്ഷണങ്ങളാണ്.



കൂട്ടിൽ മുഹമ്മദലി



എം.കെ മുഹമ്മദലി

പ്രബോധക സംഘത്തിന്റേത് എന്നും സാമൂഹിക ഇടപെടലുകളുടെ ചരിത്രമായിരുന്നുവെന്ന് അബ്ദുൽ ഹമീദ് വാണിയമ്പലം പറഞ്ഞു. 'സാമൂഹിക ഇടപെടലുകളുടെ ഇസ്‌ലാമിക മാനം' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിൽ നടമാടിയിരുന്ന തിന്മകൾക്കെതിരെ പ്രതിരോധം തീർത്തവരായിരുന്നു പ്രവാചകന്മാർ. അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ചതോടൊപ്പം സകല തിന്മകളെയും വൈകൃതങ്ങളെയും അവർ ചോദ്യം ചെയ്തു. അതിന്റെ തെളിഞ്ഞ ചിത്രങ്ങൾ

ഖുർആനിലെമ്പാടുമുണ്ട്. പക്ഷേ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെ ചുരുക്കിക്കാട്ടുന്ന പ്രവണത ചില കേന്ദ്രങ്ങളിൽ കണ്ടുവരുന്നുണ്ട്. തൗഹീദ് പൂർത്തിയായ ശേഷം മതി സാമൂഹിക ഇടപെടലുകൾ എന്നാണവരുടെ വാദം. അങ്ങനെയൊരു ചിത്രമല്ല ഖുർആനിൽനിന്ന് ലഭിക്കുന്നത്.

പ്രവാചകന്മാരുടെ കാലത്ത് ഇല്ലാതിരുന്ന പല പ്രശ്നങ്ങളും നാം അഭിമുഖീകരിക്കുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളാണ് അവയിലൊന്ന്. പ്രകൃതിയെ കൊള്ളയടിക്കുന്നതിനെതിരെ പൊരുതാനുള്ള ഊർജം നമുക്ക് ഖുർആനിൽനിന്നുതന്നെ ലഭിക്കും. പണമുള്ളവനേ കുടിവെള്ളവും ചികിത്സയും വിദ്യാഭ്യാസവുമുള്ളൂ എന്നൊരു നില വന്നുചേർന്നിരിക്കുന്നു. ബഹുരാഷ്ട്ര കുത്തകകൾ വായു, വെള്ളം തുടങ്ങി എന്തും വിൽപനച്ചരക്കാക്കാൻ ശ്രമിക്കുകയാണ്. ഇവർക്കെതിരെ പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ പക്ഷത്ത് നിന്ന് പൊരുതാൻ നമുക്ക് കഴിയണം. അങ്ങനെ ഇസ്‌ലാമിന്റെ വിമോചന മുഖം ലോകത്തിന് ദർശിക്കാൻ കഴിയണം.

'ആത്മീയത-ഇസ്‌ലാമിക സങ്കൽപം' എന്ന വിഷയം ഇ.എൻ അബ്ദുല്ല മൗലവി അവതരിപ്പിച്ചു. തനി ബഹുദൈവത്വപരമായ വിശ്വാസാചാരങ്ങൾ ആത്മീയതയായി കൊണ്ടാടുകയാണ് മുസ്‌ലിം സമുദായത്തിലെ ചിലർ. ഭൗതികന്മാരുടെ തണലിലും ചെലവിലുമാണ് ഈ കപട ആത്മീയത വളരുന്നത്. ഇന്ന് പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ത്വരീഖത്തുകളുടെ വേരുകൾ അന്വേഷിച്ചുപോയാൽ ഇസ്‌ലാമികവിരുദ്ധമായ സങ്കൽപങ്ങളിൽ അവ ചെന്നു നിൽക്കുന്നതായി കാണാം. ത്വരീഖത്തിന്റെയും സ്വൂഫിസത്തിന്റെയും ആചാര്യന്മാരായി ഗണിക്കപ്പെടുന്ന ഇബ്നുൽ അറബിയും ഇബ്നുൽ ഫാരിളും അദ്വൈതത്തിലും ദൈവാവതാരത്തിലും വിശ്വസിച്ചവരായിരുന്നു. ഇസ്‌ലാമിൽ ഒരൊറ്റ ആത്മീയതയേ ഉള്ളൂ. അത് ഖുർആന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ആത്മീയതയാണ്.

സമാപന പ്രസംഗത്തിൽ ഹൽഖാ അമീർ അതുവരെ നടന്ന പരിപാടികളെ അവലോകനം ചെയ്ത് പറഞ്ഞു: 'നാം മാറണം. സമൂഹത്തിലേക്കിറങ്ങണം. അടഞ്ഞ കമ്പാർട്ട്മെന്റുകളാവാതെ വാതിലുകളും വാതായനങ്ങളും തുറന്നിടണം. മറ്റുള്ളവരിലേക്ക് കൺതുറക്കുന്നവരും കാതു തുറക്കുന്നവരുമാവണം.'

പാലക്കാട് ജില്ലയിലെ പ്രവർത്തകരെ അമീർ പ്രത്യേകം അഭിനന്ദിച്ചു: 'സോളിഡാരിറ്റി സംസ്ഥാന സമ്മേളനം നടന്നത് പാലക്കാട്ടാണ്. ഒരാഴ്ച മുമ്പ് സോളിഡാരിറ്റി ജില്ലാ സമ്മേളനം കഴിഞ്ഞതേ



യുള്ളൂ. അതിന്റെ തളർച്ച മാറുന്നതിനു മുമ്പാണ് ഈ പ്രവർത്തകസംഗമം. അഭിമാനാർഹമാണ് ഈ ത്യാഗസന്നദ്ധതയും അർപ്പണബോധവും.'

മുത്തഫിഖുകളാണ് (മിക്കവാറും പാലക്കാട് ജില്ലയിൽനിന്നുള്ളവർ) പ്രവർത്തക സംഗമത്തിലുടനീളം വളണ്ടിയർമാരായി സേവനമനുഷ്ഠിച്ചത്. പരിപാടികൾ ആദ്യാവസാനം ശ്രദ്ധിക്കാൻ അംഗങ്ങൾക്കും കാർകുനുകൾക്കും അവസരമൊരുക്കാൻ വേണ്ടിയായിരുന്നു ഇത്. പ്രസ്ഥാനഘടനയിൽ മൂന്നാം നിരയിലാണെങ്കിലും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അവർ കാണിച്ച പക്വതയും പാകതയും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ഒന്നാം ദിവസം രാത്രി ചോറിനുള്ള കറി ഇടക്ക് വെച്ച് രണ്ട് തവണ തീർന്നു. പ്രവർത്തകർ ക്ഷമയോടെ കാത്തിരുന്നു. ആസൂത്രണം ഇല്ലാത്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചതെന്ന് തോന്നാം. നിജഃസ്ഥിതി അറിഞ്ഞത് പിന്നീടാണ്. ഭക്ഷണം തയാറാക്കാൻ ഏൽപിക്കപ്പെട്ട പാചകക്കാർ ചില കാരണങ്ങളാൽ ഇടക്കുവെച്ച് പെട്ടെന്ന് പോയതാണ് പ്രശ്നം. ഈ സന്ദിഗ്ധ ഘട്ടത്തിൽ ജോലികഴിഞ്ഞ് ടെന്റിൽ വിശ്രമിക്കുകയായിരുന്ന അമ്പതോളം വളണ്ടിയർമാർ യാതൊരു മുറുമുറുപ്പുമില്ലാതെ വീണ്ടും സേവനത്തിന് തയാറാവുകയായിരുന്നു. പാചകവും അവർതന്നെ ഏറ്റെടുത്തു. അതിന്റേതായ 'പ്രശ്നങ്ങൾ' ഈ അടിയന്തര പാചകത്തിനുണ്ടാവാമെങ്കിലും, ആ ത്യാഗസന്നദ്ധതയെ പ്രശംസിക്കാതിരിക്കുന്നതെങ്ങനെ?

സംഗമത്തിന്റെ ആദ്യദിവസം സി.ടി സ്വാദിഖ് മൗലവി ഖുർആൻ ക്ലാസ്സും രണ്ടാം ദിവസം ജമാൽ മങ്കട ഹദീസ് ദർസും എടുത്തു. വി. മൂസ മൗലവി ഉദ്ബോധനവും പ്രാർഥനയും നടത്തി. ■